# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളുടെ സമഗ്ര വികസനം</u>

4698 ശ്രീ. വർക്കല കഹാർ
'' വി. ഡി. സതീശൻ
'' കെ. മുരളീധരൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

കേന്ദ്രസര്‍ക്കാരിന്റെ അംഗീകാരത്തിനായി സമര്‍പ്പിച്ച
നഗരവികസന പദ്ധതികള്‍

4699 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പില്‍
'' എ. റ്റി. ജോര്‍ജ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരവികസനത്തിനുള്ള പദ്ധതികള്‍ തയ്യാറാക്കി കേന്ദ്ര സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര കോടി രൂപയ്ക്കുള്ള പദ്ധതികളാണ് സമര്‍പ്പിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ അറിയിക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് കേന്ദ്രസര്‍ക്കാരിന്റെ അംഗീകാരത്തിനായി സമര്‍പ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകള്‍ക്കുവേണ്ടിയാണ് പദ്ധതികള്‍ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പാർട്ണർ കേരള നഗരവികസന സംഗമം</u>

4700 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ
,, എ. റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരവികസന പദ്ധതികൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെട്ടത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത സംഗമത്തിനുശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നഗരസഭാ പദ്ധതികളിലെ സാങ്കേതിക സഹായം</u>

4701 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് നഗരങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നഗരസഭകളിലെ വികസനപ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും ഇത് എത്രമാത്രം സഹായകമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) കേന്ദ്രസഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>'മിഷൻ 676' ൽ ഉൾപ്പെടുത്തി തലസ്ഥാന നഗരവികസനം</u>

4702 ശ്രീ. കെ. മുരളീധരൻ
,, വർക്കല കഹാർ
,, ആർ. സെൽവരാജ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' ൽ ഉൾപ്പെടുത്തി തലസ്ഥാന നഗരവികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളിലെ വികസനപദ്ധതികൾ</u>

4703 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ ഏതു പദ്ധതിയിൽപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി ഏതാണ്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുടെ പ്ലാൻ ഫണ്ട് വിനിയോഗം</u>

T4704 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഇനത്തിൽ സംസ്ഥാനത്തെ ഓരോ കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും എന്തു തുക വീതമാണ് നൽകിയതെന്നും അവ എന്തു തുക വീതം ചെലവഴിച്ചുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏറ്റവും കുറച്ചും ഏറ്റവും കൂടുതലും തുക ചെലവഴിച്ച കോർപ്പറേഷനും മുനിസിപ്പാലിറ്റിയും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ</u>

4705 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി യുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുളള ഓരോ യൂണിറ്റിനും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കൽപ്പറ്റ നഗരസഭയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പുതിയ നഗരസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം</u>

4706 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ടൗൺഷിപ്പുകളുടെയും എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ടൗൺഷിപ്പ് എന്നിവ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളോ മുനിസിപ്പാലിറ്റികളോ ടൗൺഷിപ്പുകളോ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കൊച്ചി കോർപ്പറേഷനെ മെട്രോസിറ്റിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നഗരസഭകളുടെ കമ്പ്യൂട്ടറൈസേഷൻ</u>

4707 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽനിന്ന് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇത്രയും ഉയർന്നതുക ഓപ്പറേറ്റിംങ്ങ് സിസ്റ്റം വാങ്ങുന്നതിന് മുടക്കുന്നതിനുപകരം തികച്ചും സൗജന്യമായി ലഭിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.യു.ഡി.പി പ്രകാരമുള്ള റോഡ് പുനരുദ്ധാരണ പദ്ധതികൾ</u>

4708 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി പ്രകാരം ഏതെല്ലാം നഗരസഭകളിലെ റോഡ് പുനരുദ്ധാരണ പദ്ധതികൾക്കാണ് ഇതിനോടകം ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഓരോ നഗരസഭയും ലക്ഷ്യമാക്കിയ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം നഗരസഭകളുടെ റോഡ് പുനരുദ്ധാരണ പദ്ധതികളാണ് ഇപ്പോൾ കെ.എസ്.യു.ഡി.പി.യുടെ പരിഗണനയിലുള്ളത്;

(ഡി) അവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) മട്ടന്നൂർ നഗരസഭയുടെ റോഡ് പുനരുദ്ധാരണ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

കെ.എസ്.യു.ഡി.പി. പ്രകാരമുള്ള ശുദ്ധജല വിതരണ പദ്ധതികൾ

4709 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി. പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിലെ ശുദ്ധജലവിതരണ പദ്ധതികൾക്കാണ് ഇതിനോടകം ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഓരോ നഗരസഭയ്ക്കും ലഭ്യമാക്കിയ ഫണ്ട് എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം നഗരസഭകളുടെ ശുദ്ധജലവിതരണ പദ്ധതികളാണ് ഇപ്പോൾ കെ.എസ്.യു.ഡി.പി.യുടെ പരിഗണനയിലുള്ളത്;

(ഡി) മട്ടന്നൂർ നഗരസഭയുടെ ശുദ്ധജലവിതരണ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഏകീകൃത പരസ്യനികുതി നയം</u>

4710 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധിപ്പിക്കുവാൻ സാഹചര്യം ഒരുക്കുന്ന പരസ്യനികുതിയുടെ കാര്യത്തിൽ ചട്ടങ്ങളും മാതൃകാ ബൈലോകളും തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മുനിസിപ്പാലിറ്റി ആക്ടിൽ പഞ്ചായത്ത്രാജ് ആക്ടിൽ ഉള്ളതുപോലെ മാതൃകാ ബൈലോ തയ്യാറാക്കുകയും പരസ്യനികുതി ഏകീകരിക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുമോ;

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്ത് മുൻസിപ്പാലിറ്റികൾക്ക് ഗുണകരമായ ഒരു ഏകീകൃത പരസ്യനികുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ</u>

4711 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിലും റോഡുകളുടെ വശങ്ങളിലും സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പരസ്യബോർഡുകളും മറ്റും സ്ഥാപിക്കുന്നതിന് നഗരസഭകൾ പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ; ഫീസ് കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പരസ്യ ഫീസ് ഇനത്തിൽ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

നഗരങ്ങളിലെ മാലിന്യസംസ്ക്കരണം

4712 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വഴിയോരങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റും രാത്രികാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ പരിസരമലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകാൻ സാധ്യതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവണത തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) വഴിവക്കിൽ ജൈവാവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം മാലിന്യങ്ങൾ സ്വീകരിച്ച് സംസ്ക്കരിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

4713 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നഗരകാര്യവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ ചേരിനിവാസികളുടെ പുനരധിവാസം</u>

4714

ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ചേരിനിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) പുനരധിവാസത്തിന്റെ ഭാഗമായി ചേരിപ്രദേശങ്ങളിൽ നിർമ്മിച്ചുനൽകിയ ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തൊട്ടാകെ പുനരധിവസിപ്പിക്കപ്പെടാൻ അർഹരായ എത്ര കുടുംബങ്ങൾ ചേരികളിൽ കഴിയുന്നുണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ജനന-മരണ രജിസ്ട്രേഷൻ</u>

4715 ശ്രീ. ബി. സത്യൻ
,, രാജു എബ്രഹാം
,, എസ്. ശർമ്മ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജനന-മരണ രജിസ്ട്രേഷനുകൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുള്ളത് ഏതുസ്ഥാപനമാണ് എന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷനുകളിലെ ജനന-മരണ രജിസ്ട്രേഷൻ നടപടികൾ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുന്നംകുളം നഗരസഭയുടെ ബസ്സ് സ്റ്റാൻഡ് നിർമ്മാണം</u>

4716 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭയുടെ ബസ്സ് സ്റ്റാൻഡ് നിർമ്മാണത്തിന്റെ നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) എത്ര കോടി രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) ഇത്രയുംതുക ഏതു ധനകാര്യസ്ഥാപനത്തിൽ നിന്ന് വായ്പ എടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്;

(ഡി) ഇതിന് വർഷത്തിൽ എത്ര ശതമാനം പലിശയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ബസ്സ് സ്റ്റാൻഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മണലെടുക്കുന്നതിന് നഗരസഭകൾക്കുള്ള അധികാരം</u>

4717 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മണൽകടവുകൾ ഉള്ള നഗരസഭകൾ ഏവ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നഗരസഭകൾക്ക് മണലെടുക്കുവാനുള്ള അധികാരം റവന്യൂ/പോർട്ട്/ഹാർബർ വകുപ്പുകളിൽ നിന്ന് ഏതു മാർഗ്ഗത്തിലൂടെയാണ് ലഭിക്കുന്നത്;

(സി) ടെണ്ടർ നടപടികളിലൂടെ പ്രസ്തുത അധികാരം നൽകുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം നഗരസഭകൾക്ക് ആയത് നൽകിയിട്ടുണ്ട്;

(ഇ) പൊന്നാനി നഗരസഭ മണലെടുക്കുന്നതിനുള്ള പോർട്ട്/ ഹാർബർ വകുപ്പുകളുടെ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ടോ;

(എഫ്) പൊന്നാനി നഗരസഭയ്ക്ക് ടെണ്ടർ അനുവദിച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ തുകയും മണലിന്റെ അളവും വിശദമാക്കുമോ;

(ജി) ടെണ്ടർ അനുസരിച്ച് പ്രസ്തുത നഗരസഭ മണൽ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എച്ച്) നഗരസഭ മണലെടുക്കാത്തതുമൂലം മുനിസിപ്പൽ പരിധിയിൽ മണലെടുപ്പ് തന്നെ ഇല്ലാതായിട്ടുണ്ടോ; തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കുമോ;

(ഐ) ഇതുമൂലം നഗരസഭയ്ക്ക് 2013-14 സാമ്പത്തികവർഷത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

(ജെ) 2012-13 സാമ്പത്തികവർഷത്തിൽ മണൽകടവുകളിൽ നിന്ന് നഗരസഭയ്ക്ക് എന്തു വരുമാനം ലഭിച്ചിട്ടുണ്ട്;

(കെ) 2013-14 ൽ മണലെടുപ്പ് നടക്കാതെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി ആയവർ ആരൊക്കെയാണ്;

(എൽ) ഇവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ തെരുവുനായ്ക്കളുടെ ശല്യം</u>

4718 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം കൂടിവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ കടിയേറ്റ എത്ര സംഭവങ്ങൾ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ആസൂത്രിത നഗരങ്ങൾ രൂപീകരിക്കുന്നത്</u>

4719 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആസൂത്രിത നഗരങ്ങൾ രൂപീകരിക്കുന്ന കാര്യം പിരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കൊല്ലം കോർപ്പറേഷനിലെ ശുചീകരണത്തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി</u>

4720 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ എത്ര സി.എൽ.ആർ. വിഭാഗത്തിൽപ്പെട്ട ശുചീകരണത്തൊഴിലാളികളാണ് പണിയെടുക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമെടുത്തുവെന്ന് അറിയിക്കുമോ;

(സി) ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് നഗര സഭയിൽ കണ്ടിജൻസി തസ്തികകൾ 175 എണ്ണം അധികമായി അനുവദിക്കേണ്ടതാണെന്നും അതുവഴി ഉണ്ടാകുന്ന അധിക ബാധ്യത വഹിക്കാൻ കോർപ്പറേഷൻ തയ്യാറാണെന്നും കൊല്ലം നഗരസഭ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

എം.എൽ.എ.യുടെ എസ്.ഡി.എഫ്. ഉപയോഗിച്ച് കൊയിലാണ്ടിയിൽ നടപ്പാക്കുന്ന പദ്ധതികൾ

4721 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് എം.എൽ.എ. ഫണ്ട്, എസ്.ഡി.എഫ്. എന്നിവ ഉപയോഗിച്ച് കൊയിലാണ്ടിയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടേയും അടങ്കൽ തുക, ഭരണാനുമതി ലഭിച്ച തീയതി എന്നിവ വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഡി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാം; പൂർത്തിയാകുന്നതിൽ കാലതാമസം വരുന്നതെന്തുകൊണ്ട്;

(ഇ) പദ്ധതികളിൽ ഇനിയും ആരംഭിക്കാത്തത് ഏതെല്ലാം; പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(എഫ്) ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ</u>

4722 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വിസിൽ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരള സംസ്ഥാന മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം തസ്തികതിരിച്ച് ലഭ്യമാക്കുമോ;

(സി) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം എത്ര ജീവനക്കാർ മുൻസിപ്പൽ കോമൺ സർവ്വീസിൽ ജോലി നോക്കുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നത് എൻട്രികേഡറിലാണോ; അല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നഗര കാര്യ ഡയറക്ടറേറ്റിലെ നിലവിലുള്ള തസ്തികകളുടെ എണ്ണം എത്ര; ഇതിൽ പി.എസ്.സി. വഴി നിയമിക്കപ്പെട്ടവരുടെ എണ്ണം എത്ര; സമാശ്വാസ തൊഴിൽ ദാന പദ്ധതിപ്രകാരം നിയമിക്കപ്പെട്ടവരുടെ എണ്ണം എത്ര; തസ്തികതിരിച്ച് വിവരം നൽകുമോ;

(എഫ്) മുൻസിപ്പൽ കോമൺ സർവ്വീസിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; കാറ്റഗറി തിരിച്ച് വിവരം നൽകുമോ;

(ജി) മുനിസിപ്പൽ കോമൺ സർവ്വീസിൽ യോഗ്യതയുള്ളവർക്ക് പ്രൊവിഷണലായി യു.ഡി.സി. തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാരിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>യഥാസമയം പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ</u>

4723 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നഗരകാര്യ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി ക്ക് റിപ്പോർട്ടു ചെയ്യുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; അത്തരം ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരത്തിലെ ഓട്ടോ പാർക്കിംഗ് സൗകര്യം</u>

4724 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ പെർമിറ്റോടുകൂടി എത്ര ഓട്ടോറിക്ഷകൾ ഓടുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) നഗരത്തിൽ മതിയായ ഓട്ടോപാർക്കിംഗ് സൗകര്യം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഓട്ടോറിക്ഷകൾക്ക് മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

അനധികൃതകെട്ടിടങ്ങളുടെ നിർമ്മാണം

4725 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിലുള്ള കാലതാമസം</u>

4726 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ നിരവധി കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നല്കാതിരിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കെട്ടിടങ്ങളുണ്ട് എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ;

(സി) പണിപൂർത്തിയായിട്ടും സ്ഥിരനമ്പർ നൽകാതെ എത്ര കെട്ടിടങ്ങൾക്ക് താല്കാലിക നമ്പർ നൽകിയിട്ടുണ്ട്;

(ഡി) താല്കാലിക നമ്പർ നല്കിയ കൊമേഴ്സ്യൽ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് സ്ഥിരനമ്പർ നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ഇ) അറിവില്ലായ്മ കൊണ്ടും ബിൽഡിംഗ് കൺസൾട്ടന്റുമാരുടെ ചതിയിൽപ്പെട്ടും കെട്ടിടനമ്പർ ലഭിക്കാത്തവർക്ക് ഇളവു നൽകി നമ്പർ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ക്രമക്കേടുകാട്ടിയ കൺസൾട്ടന്റുമാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരസഭയിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റിനായുള്ള അപേക്ഷകൾ</u>

4727 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനായി തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് നഗരസഭാ ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തീർപ്പാക്കാതെയുള്ള അപേക്ഷകൾ എത്ര ; അവ ആരുടേതെല്ലാം എന്നും പെർമിറ്റ് നൽകുന്നതിനുള്ള തടസ്സം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സി.ആർ.ഇസഡ്. നിയമം കാരണം പെർമിറ്റ് നൽകാതെയുള്ള എത്ര അപേക്ഷകൾ ഉണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ കെട്ടിട നിർമ്മാണത്തിന് നൽകിയ അനുമതി</u>

4728 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മിനി സിവിൽസ്റ്റേഷൻ കോമ്പൗണ്ടിൽ ഇ1/ബി.എൽ.ഡബ്യൃു/305/13-14 നമ്പർ ഉത്തരവുപ്രകാരം ഒരു കെട്ടിട നിർമ്മാണത്തിന് അനുമതി നകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സിവിൽസ്റ്റേഷൻ ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള വിദ്യാഭ്യാസവകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്ത മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിനുള്ള അനുമതി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

4729 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

വയൽ നികത്തുന്നതിനെതിരെയുള്ള ഗുരുവായൂർ നഗരസഭാ പ്രമേയം

4730 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭാപരിധിയിൽ വരുന്ന തൈക്കാട് വില്ലേജിൽപ്പെട്ട കുന്നത്തുള്ളി പട്ടികജാതി കോളനിയുടെ സമീപമുള്ള നെൽപ്പാടം മണ്ണിട്ടു നികത്തുന്നതിനെതിരെ നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഗുരുവായൂർ നഗരസഭാ ഭരണസമിതി യോഗം 07.03.2013-ന് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മേൽനടപടികൾ തൃശ്ശൂർ ആർ. ഡി. ഒ സ്വീകരിച്ചതായി അറിയുമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രമേയത്തിൽ ഉന്നയിച്ച പ്രശ്നം പരിഹരിക്കുന്നതിനും മണ്ണിട്ടു നികത്തിയ വയൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കനോലി കനാൽ മാലിന്യമുക്തമാക്കാൻ നടപടി</u>

T4731 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കനോലികനാലിൽ മാലിന്യ നിക്ഷേപം തടയുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കനോലികനാലിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യനിക്ഷേപം തടയാനും ബോധവൽക്കരണം ശക്തമാക്കാനും റസിഡൻസ് അസോസിയേഷനുകളുടെ സഹകരണം തേടാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ചുമതലകൾ</u>

4732 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പുവഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങൾക്ക് അറിവ് ലഭ്യമാക്കുന്നതിന് ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്; എന്ത് തുകയാണ് ഇവർക്ക് ഓണറേറിയമായി ലഭിക്കുന്നത്;

(ബി) നിലവിൽ ഓണറേറിയം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്
ആനുകൂല്യങ്ങൾ</u>

4733 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഏതുവർഷം മുതലാണ് നൽകിവരുന്നതെന്നും തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മദ്രസ അദ്ധ്യാപക ക്ഷേമനിധി</u>

4734 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
,, പി. റ്റി. എ. റഹീം
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപകരുടെ ക്ഷേമത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് മദ്രസ അദ്ധ്യാപകർക്ക് നൽകിവരുന്നതെന്നറിയിക്കുമോ;

(സി) ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?